നം. ITS/2017/1234 (17)

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി : 27.04.2017

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം - ഹൈസ്കൂൾ അധ്യാപകർക്ക് അവധിക്കാല പരിശീലനത്തിന്റെ ഭാഗമായി നടത്തുന്ന മൂന്ന് ദിവസത്തെ വിഷയാധിഷ്ഠിത ഐ.സി.ടി. പരിശീലനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന :- തിരുവനന്തപുരം ട്രാൻസ്ടവറിൽ വെച്ച് ബഹു.വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13.03.2017-ന് നടന്ന ഏകദിന ശില്പശാലയും തുടർന്ന് എസ്.സി.ഇ.ആർ.ടിയിൽ വെച്ച് നടന്ന മൊഡ്യൂൾ നിർമ്മാണ ശില്പശാലയും.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ അധ്യാപകർക്കും അവധിക്കാല പരിശീലനം ഐ.സി.ടി. സാധ്യതകളുപയോഗിച്ച് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഹൈസ്കൂൾ അധ്യാപകർക്ക് നൽകുന്ന എട്ട് ദിവസത്തെ പരിശീലനത്തിൽ അഞ്ചു ദിവസം വിഷയാധിഷ്ഠിത പരിശീലനവും മൂന്നു ദിവസം അതത് വിഷയങ്ങളിൽ പ്രത്യേക ഐ.സി.ടി. പരിശീലനവുമാണ് ക്രമീകരിച്ചിരിക്കുന്നത്. മൂന്നു ദിവസത്തെ അധ്യാപക പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അധ്യാപക പരിശീലനം 2017 മേയ് 8 ന് ആരംഭിക്കുകയും ഓരോ വിഷയത്തിലും അധ്യാപകരുടെ എണ്ണമനുസരിച്ച് ബാച്ചുകൾ ക്രമീകരിച്ച് മേയ് 25 നകം എല്ലാ അധ്യാപകർക്കും പരിശീലനം ലഭ്യമാക്കേണ്ടതാണ്.

2. അവധിക്കാല അധ്യാപക പരിശീലനത്തിന് മുന്നോടിയായി വിവിധ വിഷയങ്ങളിൽ പ്രത്യേകം എസ്.ആർ.ജി. ഏപ്രിൽ 28-29, മേയ് 2-3 തീയതികളിലും ജില്ലാതലങ്ങളിൽ വിവിധ വിഷയങ്ങളിൽ പ്രത്യേകം ഡി.ആർ.ജി. മേയ് 4, 5, 6 തീയതികളിലും ഐടി@സ്കൂൾ പ്രോജക്ടിന്റെ ചുമതലയിൽ നടത്തേണ്ടതാണ്.

3. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടെ വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിൽ (www.itschool.gov.in-ലെ Training Management System-ൽ ലോഗിൻ ചെയ്ത്) ഉൾപ്പെടുത്തേണ്ടതാണ്. ഇതുസംബന്ധിച്ച നിർദ്ദേശം ഐടി@സ്കൂൾ പ്രോജക്ട് പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്.

4. ഐടി@സ്കൂൾ പ്രോജക്ട് നൽകിയ എസ്.ആർ.ജി, ഡി.ആർ.ജി പരിശീലനങ്ങളിൽ പങ്കെടുത്തവർ ആയിരിക്കണം അധ്യാപക പരിശീലനം നടത്തേണ്ടത്. ഐ.ടി@സ്കൂൾ പ്രോജക്ട് തയ്യാറാക്കി എസ്.സി.ഇ.ആർ.ടി. അംഗീകരിച്ച മൊഡ്യൂൾ ഉപയോഗിച്ചായിരിക്കണം പരിശീലനം നടത്തേണ്ടത്.

5. ഐ.ടി.@സ്കൂൾ പ്രോജക്ടിൽ പ്രവർത്തിക്കുകയും സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്ത അധ്യാപകരെ ആവശ്യമെങ്കിൽ ഡി.ആർ.ജി. പരിശീലനം നൽകി പരിശീലകരായി നിയോഗിക്കാവുന്നതാണ്. ടി അധ്യാപകർക്ക് എല്ലാ പരിശീലനങ്ങൾക്കും പ്രതിദിനം 500/- രൂപ ഓണറേറിയമായി നൽകേണ്ടതാണ്.

6. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകർക്ക് പ്രതിദിനം 100/- രൂപയും പരിശീലകർക്ക് (RPs) പ്രതിദിനം 200/- രൂപ ഓണറേറിയമായും ഐ.ടി.@സ്കൂൾ പ്രോജക്ട് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

7. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടെ എണ്ണം 15 വരെ ഒന്നും അതിനു മുകളിൽ രണ്ടും എന്ന ക്രമത്തിൽ പരിശീലകരെ (RPs) നിയോഗിക്കേണ്ടതാണ്.

8. ഐടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. ഐടി@സ്കൂളിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, പ്രൈമറി/സെക്കൻഡറി/ഹയർസെക്കൻഡറി സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ, ബി.ആർ.സി.കൾ എന്നിവ പരിശീലനകേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തേണ്ടതാണ്. പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ ലഭ്യമല്ലെങ്കിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ ശേഖരിച്ച് അനുയോജ്യമായ സ്കൂളുകളിൽ താൽക്കാലികമായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് പരിശീലനം നടത്തേണ്ടതാണ്.

9. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരും ഐടി@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ കോർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ പരിശീലന കേന്ദ്രങ്ങൾ സന്ദർശിച്ച് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

10. അധ്യാപകരും പരിശീലകരും പരിശീലന സമയം കഴിയുന്നതുവരെ പരിശീലന കേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഒന്നിലധികം പരിശീലകരെ നിയോഗിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ പരിശീലകർ എല്ലാ പരിശീലന ദിവസങ്ങളിലും പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലന കേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.

11. പരിശീലനകേന്ദ്രങ്ങൾക്ക് പ്രതിദിനം 250/- രൂപ ലാബ് മെയിന്റനൻസിനായി ഐ.ടി.@സ്കൂൾ പ്രോജക്ട് നൽകേണ്ടതാണ്.

12. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരുടെ ഹാജർ, അക്വിറ്റൻസ്, ഡ്യൂട്ടി സർട്ടിഫിക്കറ്റ് മുതലായവ ട്രെയിനിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ സജ്ജീകരിക്കേണ്ടതാണ്. പരിശീലനത്തെക്കുറിച്ചുള്ള അധ്യാപകരുടെ ഫീഡ്ബാക് രേഖപ്പെടുത്താനുള്ള സംവിധാനവും ഇതോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി.@സ്കൂൾ പ്രോജക്ട്

പകർപ്പ് :

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ.
എല്ലാ ഡിഡിഇ, ഡിഇഒമാർക്കും (ഐ.ടി.@സ്കൂൾ പ്രോജക്ട്
എല്ലാ ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)
സ്റ്റോക്ക് ഫയൽ